പി.ഡബ്ല്യു.ഡി. നടത്തുന്ന നിർമ്മാണപ്രവർത്തനങ്ങൾ

318 (1375) ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. റ്റി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ഡബ്ല്യു.ഡി. നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി ജില്ലാ കേന്ദ്രങ്ങളിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിന്റെ പ്രവർത്തന രീതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് പണികളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്.

(ബി) 1-10-2013 മുതൽ ജില്ലാ കേന്ദ്രങ്ങളിൽ ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. എറണാകുളം, കോഴിക്കോട് ജില്ലകളിൽ റീജിയണൽ ലബോറട്ടറികളും, 11 ജില്ലകളിൽ ജില്ലാ ലബോറട്ടറികളുമാണ് പ്രവർത്തിക്കുന്നത്. തിരുവനന്തപുരം ജില്ലയിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയുടെ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നു.

(സി&ഡി) ജില്ലാതലത്തിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ജില്ലാ ലാബുകൾ നിലവിലുണ്ട്. ലാബുകളിൽ ഗുണനിലവാര പരിശോധനയ്ക്കായി അസിസ്റ്റന്റ് എഞ്ചിനീയറേയും മറ്റു സാങ്കേതിക ജീവനക്കാരെയും നിയമിച്ചിട്ടുണ്ട്. ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങൾ റാൻഡം സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും പ്രവൃത്തി സ്ഥലത്തുവച്ച് പരിശോധിക്കാനുള്ളത് അവിടെവച്ചും ബാക്കിയുള്ളവ ഗുണനിലവാര പരിശോധനാ ലാബുകളിൽ വച്ചും പരിശോധന നടത്തുന്നു. റീജിയണൽ ലാബുകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ ഇവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നു. പരിശോധന ഫലങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചു കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly